പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1190 12.07.2016-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ. ആർ. രാജേഷ്
'' എം.എം. മണി
'' സി.കെ. ശശീന്ദ്രൻ
'' ബി.ഡി. ദേവസ്സി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രതി ദിന വരുമാനത്തിൽ അടുത്ത കാലത്ത് കാര്യമായ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്തെന്ന് അവലോകനം ചെയ്യുകയുണ്ടായോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രതിദിന വരുമാനത്തിൽ അടുത്ത കാലത്തായി കുറവ് ഉണ്ടായിട്ടുണ്ട്. പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചതും കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി സർവ്വീസുകളിലെയും നിരക്കുകളിൽ ഒരു രൂപയുടെ കുറവ് വരുത്തിയതുമാണ് ഇതിന് പ്രധാന കാരണമായി കരുതുന്നത്. |
| (ബി) | വരുമാനം വർദ്ധിപ്പിക്കാനായി എന്തൊക്കെ ഊർജ്ജിത ശ്രമങ്ങൾ നടത്താനാണ് ഉദ്ദേശിയ്ക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെയുള്ള സർവ്വീസുകൾ കാര്യക്ഷമമായി വരുമാനം വർദ്ധിപ്പിക്കാനാണ് സ്കാനിയ, മൾട്ടി ആക്സിൽ പോലുള്ള സർവ്വീസുകൾ ആരംഭിച്ചത്. അന്തർ സംസ്ഥാന സർവ്വീസുകളിൽ ഫ്ളെക്സി നിരക്ക് ഏർപ്പെടുത്തിയതിനുശേഷം അത്തരം സർവ്വീസുകളിൽ നിന്നുള്ള വരുമാനം മെച്ചപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഡീസലിന് അടുത്ത കാലത്തായി വില വർദ്ധിച്ച സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിലെ നിരക്ക് കുറച്ച നടപടി പിൻവലിച്ചാൽ വരുമാന വർദ്ധനവുണ്ടാകുന്നതാണ്. കാര്യക്ഷമത വർദ്ധിപ്പിച്ചും ലാഭകരമായ ഷെഡ്യൂളുകൾ മുടങ്ങാതെ ഓപ്പറേറ്റ് ചെയ്തും വരുമാന വർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളും നടക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ മുടങ്ങാതിരിക്കാൻ ആവശ്യമായ ധനസഹായം ലഭ്യമാക്കുമോ; | (സി) | പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും കെ.എസ്.ആർ.ടി.സി.ക്ക് മതിയായ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. ഉപയോഗിക്കുന്ന ഇന്ധനത്തിന്മേലുള്ള വില്പന നികുതിയിനത്തിലും സെസ് ഇനത്തിലുമായി എത്ര തുക പ്രതിമാസം ലഭിക്കുന്നുണ്ടെന്ന് കണാക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇന്ധനത്തിന്മേലുള്ള വില്പന നികുതി സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു. സെസ്സ് ഇനത്തിൽ പ്രതിമാസം ശരാശരി 6.5 കോടി രൂപ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ